# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:101 30.01.2018-ൽ മറുപടിയ്ക്ക്**

**മത്സ്യ മേഖലയിലെ ഇടനിലക്കാരെ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം. മുകേഷ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): | |
|---|---|---|---|
| എ) | മത്സ്യത്തൊഴിലാളികളെയും ഉപഭോക്താക്കളെയും ഒരുപോലെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | എ) | മത്സ്യത്തൊഴിലാളികളെയും ഉപഭോക്താക്കളെയും ഒരുപോലെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കുന്നതിന് പരമ്പരാഗത മത്സ്യ ത്തൊഴിലാളികളിൽ നിന്നും മത്സ്യം നേരിട്ട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി ശേഖരിച്ച് മൊത്തം/ചില്ലറ മത്സ്യ മാർക്കറ്റുകൾ, മൊബൈൽ ഫിഷ് മാർട്ടുകൾ, മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ വഴി കേരളത്തിലെ മത്സ്യ ഉപഭോക്താക്കൾക്കും, കയറ്റുമതി കമ്പനി കൾക്കും മത്സ്യ തീറ്റ നിർമ്മാണ ഫാക്ടറികൾക്കും എത്തിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ പദ്ധതി ആവിഷ്കരിച്ചു വരുന്നു. ഇതിനുവേണ്ട കോൾഡ് സ്റ്റോറേജും മറ്റടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിൽ "അന്തിപച്ച മൊബൈൽ ഫിഷ്മാർട്ടിന്റെ" പ്രവർത്തനം 13/11/2017 -ന് ഉദ്ഘാടനം ചെയ്തു. ഇതിനുപുറമേ മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് ഉതകുന്ന നിയമ നിർമ്മാണം പരിഗണനയിലാണ്. |
| ബി) | മത്സ്യഫെഡ് ആരംഭിച്ചിട്ടുള്ള ഫിഷ് മാർട്ടുകളും ആധുനിക വിപണന രീതികളും വ്യാപിപ്പിച്ച് ഹാനികരമായ രാസവസ്തുക്കൾ ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) | മത്സ്യഫെഡ് നടത്തുന്ന 31 ഫിഷ്മാർട്ടുകളിലൂടെ ഗുണനിലവാരമുള്ള മത്സ്യം മാത്രം വിപണനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യ ത്തിൽ ഹാനികരമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യം അറിയുന്നതിന് CIFT - വികസിപ്പിച്ച ടെസ്റ്റ് കിറ്റുകൾ പ്രയോജനപ്പെടുത്തി മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതാണ്. കൂടാതെ രാസവസ്തുക്കൾ ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് , ലാന്റിംഗ് സെന്ററുക ളിൽ നിന്നും നേരിട്ട് മത്സ്യം സഹകരണ സംഘ ങ്ങൾ മുഖേന സംഭരിച്ച് "അന്തിപച്ച" മൊബൈൽ ഫിഷ്മാർട്ട് വഴി വിപണനം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | സഹകരണസംഘങ്ങൾ വഴി ഗുണനിലവാര മുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ എന്നിവ കേന്ദ്രീകരിച്ചും തുടർന്ന് സംസ്ഥാനത്തുടനീളവും മത്സ്യം സംഭരണം നടത്തുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറായി വരുന്നു. കേരള തീരത്ത് ഉടനീളമുള്ള മത്സ്യത്തിന്റെ ലഭ്യതയും, തൽസമയ വില നിലവാരവും അറിയുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. നിലവിൽ 6 ജില്ലകളിലായി മത്സ്യഫെഡ് 31 ഫിഷ്മാർട്ടുകളും പ്രവർത്തിപ്പിക്കുന്നുണ്ട്.<br><br>തിരുവനന്തപുരം : വികാസ്ഭവൻ, പാളയം<br>കൊല്ലം : പൊടിയാടി, കോന്നി<br>പത്തനംതിട്ട : പത്തനാപുരം, കോഴഞ്ചേരി<br><br><u>കോട്ടയം</u> : പുതുപ്പള്ളി, കാഞ്ഞിരപ്പള്ളി, പാല, അയർക്കുന്നം, തിരുവാതുക്കൽ, പാമ്പാടി, കുറവിലങ്ങാട്, കഞ്ഞിക്കുഴി, ഈരാറ്റുപേട്ട, നെടുംകുന്നം, വാകത്താനം,<br><br><u>എറണാകുളം</u> : തേവര, ഹൈക്കോടതി, കതൃക്കടവ്, പനമ്പള്ളിനഗർ, കടവന്ത്ര, പിറവം, കൂത്താട്ടുകുളം, ചെട്ടിച്ചിറ, ബി.പി.സി.എൽ, പാമ്പാക്കുട, മത്സ്യമൊബൈൽ മാർട്ട്.<br><br>കോഴിക്കോട് : അരയിടത്തുപാലം, തിരുവണ്ണൂർ<br>തൃശ്ശൂർ : അമലാ നഗർ<br><br>ശുചിത്വവും, വൃത്തിയും ഉറപ്പുവരുത്തുന്നതും ശീതീകരണ സൗകര്യങ്ങൾ ഉള്ളതുമായ ആധുനിക മത്സ്യമാർക്കറ്റുകളുടെ ശൃംഖലയും പൂർത്തിയായി വരുന്നു. ഇതുവരെ 34 മാർക്കറ്റുകൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല |

| | | | |
|---|---|---|---|
| | | | സംസ്കരണ യൂണിറ്റ്, അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതായി ചിൽ റൂം സംവിധാനം, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ സവിശേഷതയാണ്. |
| സി) | മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) | മത്സ്യവിപണന രംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ദേശീയ മത്സ്യ വികസന ബോർഡിന്റെ (എൻ.എഫ്.ഡി.ബി) സഹായത്തോടെ 40 മാർക്കറ്റുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 34 മാർക്കറ്റുകളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിക്കുകയും 3 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലും ഒരെണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയുമാണ്. സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ പത്തനംതിട്ട, ചങ്ങനാശ്ശേരി (ആലപ്പുഴ) എന്നിവിടങ്ങളിലെ മാർക്കറ്റുകളുടെ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ബ്ലൂറെവലൂഷൻ പദ്ധതിയിൽ മാർക്കറ്റ് സ്കീമിനായി അനുവദിച്ച ബാക്കി തുക ഉൾപ്പെടുത്തി മയ്യനാട് ഫിഷ് മാർക്കറ്റിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ബ്ലൂറെവലൂഷൻ സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കുമ്പഴ, പൂച്ചക്കൽ എന്നീ മാർക്കറ്റുകളുടെ പ്രൊപ്പോസൽ എൻ.എഫ്.ഡി.ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കും അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ ഏനാത്ത്, കണ്ണനല്ലൂർ എന്നീ മാർക്കറ്റുകളുടെ ആധുനീകരണത്തിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>ഇതിനുപുറമേ അരൂർ മാർക്കറ്റിന്റെ നവീകരണത്തിനായി 85 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം പ്രയോജനപ്പെടുത്തി ഓച്ചിറ, അഞ്ചൽ മാർക്കറ്റുകളും നവീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലെ 200 മാർക്കറ്റുകളുടെ നവീകരണം പ്രത്യേക പദ്ധതിയായി തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**